പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1329

08.02.2013 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾക്കുള്ള സബ്സിഡി

ചോദ്യം

ശ്രീ. എം.എ.ബേബി :

എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഭക്ഷ്യവസ്തുക്കൾക്കു എത്ര തുക വീതം സബ്സിഡി നൽകിയിരുന്നു ;

ബി) അതിൽ ഏറ്റവും ഒടുവിൽ നിർത്തലാക്കുകയോ കുറവ് വരുത്തുകയോ ചെയ്തിട്ടുള്ളത് എന്തു തുക വീതമാണെന്നുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

സി) കമ്പോളത്തിലെ വില വർദ്ധന നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ ഏതെല്ലാം ഭക്ഷ്യവസ്തുക്കൾക്ക് എന്തു തുക വീതം സബ്സിഡി നൽകുന്നുണ്ട് ; പ്രസ്തുത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡറേഷനും സർക്കാർ ബാക്കി നൽകുവാനുള്ള തുക എത്ര ?

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) യും ബി) യും

സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗവൺമെന്റ് സബ്സിഡി നൽകുന്നത് ഭക്ഷ്യ വസ്തുക്കളുടെ ഇനം തിരിച്ചല്ല മൊത്തം തുകയായിട്ടാണ്. 2011-12 കാലയളവിൽ 118.35 കോടി രൂപയും 2012-13 കാലയളവിൽ 85 കോടി രൂപയും സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

സി) സപ്ലൈകോ നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | 1/2013 ലെ വില |
|---|---|---|
| 1 | ചെറുപയർ | 49.00 |
| 2 | ഉഴുന്ന് (ബോൾ) | 36.00 |
| 3 | വൻകടല | 44.00 |
| 4 | വൻപയർ | 26.50 |
| 5 | തുവരപരിപ്പ് | 34.00 |
| 6 | മുളക് | 45.00 |
| 7 | മല്ലി | 45.90 |
| 8 | പഞ്ചസാര | 25.00 |
| 9 | സോർട്ടക്സ് പച്ചരി | 16.00 |
| 10 | സോർട്ടക്സ് മട്ട അരി | 16.00 |
| 11 | ജയ അരി | 21.00 |
| 12 | കുറുവ അരി | 19.00 |
| 13 | വെളിച്ചെണ്ണ (1 ലിറ്റർ) | 62.00 |

സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകിയതിലൂടെ സപ്ലൈകോയുടെ കണക്ക് പ്രകാരം ഈ സാമ്പത്തിക വർഷം (30.1.2013 വരെ) ഏകദേശം 208 കോടി രൂപയുടെ ബാദ്ധ്യതയും കൺസ്യൂമർഫെഡിന്റെ കണക്ക് പ്രകാരം സബ്സിഡി നഷ്ടം ഇനത്തിൽ 445.51 കോടി രൂപയുമാണ്.

Beenan

സെക്ഷൻ ഓഫീസർ